ഉത്തരവുകൾ പുറപ്പെടുവിച്ചുകൊണ്ടും സ്ഥലം എടുക്കുന്നതിന് 9-6-2003-ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 9-6-2003-ലെ നിർദ്ദേശം സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബഹു. ഹൈക്കോടതിയിൽ ഡബ്ലിയു.പി. (1) 20311/03 നമ്പരായി കേസ് ഫയൽ ചെയ്തിരിക്കയാണ്.

(സി) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

വാമനപുരം ഗ്രാമപഞ്ചായത്തിലെ അംഗനവാടിക്ക് പഞ്ചായത്തു സ്ഥലവും കെട്ടിടവും വാങ്ങി നൽകിയ നടപടി

112 [5257] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ വാമനപുരം ഗ്രാമപഞ്ചായത്തിൽ 207-ാം നമ്പർ അംഗനവാടിക്ക് പഞ്ചായത്തുവക സ്ഥലവും കെട്ടിടവും വാങ്ങി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് എത്ര തുക ചെലവായി;

(സി) ഈ സ്ഥലവും കെട്ടിടവും വാങ്ങിയത് സംബന്ധിച്ച് എന്തെങ്കിലും പരാതി വിജിലൻസിനോ തദ്ദേശ സ്വയംഭരണ വകുപ്പിനോ മറ്റേതെങ്കിലും സർക്കാർ ഏജൻസികൾക്കോ ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1,40,000 രൂപ ചെലവായി.

(സി, ഡി) പരാതികളൊന്നും ഈ വകുപ്പിൽ ലഭിച്ചിട്ടില്ല. വിജിലൻസിന് പരാതി വല്ലതും ലഭിച്ചിട്ടുണ്ടോ എന്നുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

കേരള മുനിസിപ്പൽ ചെയർമാൻ ആന്റ് മുനിസിപ്പൽ കൗൺസിലേഴ്സ് വെൽഫെയർ സ്കീം പദ്ധതി

113 [5258] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മുനിസിപ്പൽ ചെയർമാൻമാർ, കോർപ്പറേഷൻ മേയർമാർ, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാർ, കൗൺസിലർമാർ എന്നിവർക്കായി കേരള മുനിസിപ്പൽ ചെയർമാൻ ആന്റ് മുനിസിപ്പൽ കൗൺസിലേഴ്സ് വെൽഫെയർ സ്കീം എന്ന ഒരു പദ്ധതി നടപ്പിലാക്കി വന്നിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly